2024
FEBRUARY
22
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സെക്രട്ടേറിയറ്റിൻെറ കുടിശിക 11 ലക്ഷം, ഡിസ്കണക്ഷൻ നോട്ടീസയച്ച് കെഎസ്ഇബി



**തിരുവനന്തപുരം:** മുഖ്യമന്ത്രിയും വൈദ്യുതി മന്ത്രിയും മറ്റ് മന്ത്രിമാരും ചീഫ് സെക്രട്ടറിയും വാണരുളുന്ന ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റ് വൈദ്യുതി വകുപ്പിന് അടയ്ക്കാനുള്ളത് 11 ലക്ഷത്തിലേറെ രൂപ. സംസ്ഥാനത്തെ ഏറ്റവും വലിയ മെഡിക്കൽ കോളെജ് ആശുപത്രിയായ തിരുവനന്തപുരം മെഡിക്കൽ കോളെജ് ഒടുക്കാനുള്ളത് 32 ലക്ഷത്തിലേറെ രൂപ. ഡിസ്കണക്ഷൻ നോട്ടീസ് ഇതിനകം അയച്ചുകഴിഞ്ഞ സ്ഥാപനങ്ങളുടെ കൂട്ടത്തിലുള്ളവയാണിവ.

പബ്ലിക് ഓഫിസിലെ റവന്യൂ കോംപ്ലക്സിന് 8,85,023 രൂപയാണ് വൈദ്യുതി കുടിശിക. പേരൂർക്കടയിലെ ജില്ലാ ആശുപത്രി (36,066), കണ്ണാശുപത്രി (4,75,429), നിഷ് (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് സ്പീച്ച് ആൻഡ് ഹിയറിങ് (1,93,950) എന്നിവയും ഡിസ്കണക്ഷൻ അറിയിപ്പ് ലഭിച്ചവയുടെ പട്ടികയിലുണ്ട്.

മാധ്യമ സ്ഥാപനം, സിനിമാ തിയെറ്ററുകൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, എം സാൻഡ് നിർമാണ സ്ഥാപനങ്ങൾ എന്നിങ്ങനെ സ്വകാര്യ സ്ഥാപനങ്ങൾക്കും ലക്ഷങ്ങളുടെ കുടിശികയുണ്ട്. സംസ്ഥാനത്തെ ഒരു പ്രമുഖ ആശ്രമത്തിൻെറ വൈദ്യുതി കുടിശിക 15.7 ലക്ഷത്തിലേറെ രൂപയാണ്. ദേശീയ ഗെയിംസ് കേരളത്തിൽ നടന്നിട്ട് 9 വർഷം കഴിഞ്ഞെങ്കിലും അതിൻെറ പേരിലുള്ള ഗെയിംസ് സെക്രട്ടേറിയറ്റിൻെറ വൈദ്യുതി കുടിശിക 1,80,885 രൂപയാണ്.

സർക്കാർ സ്ഥാപനങ്ങളിൽ പലതിനും ബജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടെങ്കിലും അത് ചിലേടങ്ങളിൽ ഇനിയും അനുവദിച്ചിട്ടില്ല. സ്വന്തമായി വരുമാനമുണ്ടാക്കുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഇപ്പോഴും പണം ഉണ്ടെങ്കിലും വൈദ്യുതി വിച്ഛേദിക്കില്ലെന്ന പ്രതീക്ഷയിൽ അടയ്ക്കാതിരിക്കുന്നതിന് ഒട്ടേറെ ഉദാഹരണങ്ങൾ ഇക്കൂട്ടത്തിൽ തന്നെയുണ്ട്.

## മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കാബിനറ്റ് പദവി, പൊലീസ് വകുപ്പിൽ 190 തസ്തികകൾ

**തിരുവനന്തപുരം:** മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ.എം.എബ്രഹാമിന് കാബിനറ്റ് പദവി നൽകാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. പൊലീസ് വകുപ്പിൽ 190 കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനിച്ചു. ഇതിനു പുറമെ ധനസഹായത്തിനും വിവിധ പദ്ധതികൾക്കുള്ള ഭരണാനുമതിയും യോഗം അംഗീകരിച്ചു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലേയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് 11 ാം ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിന് അംഗീകാരം നൽകി.

2018,2019 വർഷങ്ങളിലെ പ്രളയത്തിൽ വീടും, കാലിത്തൊഴുത്തും തകർന്ന ഇടുക്കി മേലെച്ചിന്നാൽ സ്വദേശി ടി.ടി.ജിജിക്ക് 10 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചു. വസ്തു വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ആറുലക്ഷവും വീടു നിർമിക്കുന്നതിന് ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നാലുലക്ഷം രൂപയുമാണ് അനുവദിച്ചത്.



കാസർകോട്, വയനാട് വികസന പാക്കേജുകളിലാണ് വിവിധ പദ്ധതികൾക്ക് ഭരണാനുമതി. കാസർകോട് പാക്കേജിൽ ബന്തടുക്ക വീട്ടിയാടിചാമുണ്ഡിക്കുന്ന്ബളാംന്തോഡ് റോഡിന് 8.50 കോടി, പെരിയ ഒടയഞ്ചാൽ റോഡിന് 6 കോടി, ചാലിങ്കാൽമീങ്ങോത്തഅമ്പലത്തറ റോഡിന് 5.64 കോടിയും അനുവദിച്ചത്. വയനാട് പാക്കേജിൽ ശുദ്ധമായ പാൽ ശുദ്ധമായ പാൽ ഉൽപാദനം, ശുചിത്വ കിറ്റ് വിതരണ എന്നിവയ്ക്കായി 4.28 കോടി രൂപ അനുവദിച്ചു. കേരള ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോർട്ടി എം.ചാക്കോയെ നിയമിക്കാൻ തീരുമാനമായി. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ശുപാർശപ്രകാരമാണ് നിയമനം. കേരള സ്റ്റേറ്റ് ഐടി മിഷനിൽ ഹെഡ് ഇന്നവേഷൻ ആൻഡ് റിസർച്ച് തസ്തികയിലേക്ക് എസ്.സനോപിനെ ഒരു വർഷത്തേക്ക് നിയമിക്കും. അന്യത്രസേവന വ്യവസ്ഥയിലാണിത്. പരിയാരം മെഡിക്കൽ കോളജ് പബ്ലിക് സ്കൂളിൽ നിലവിലുള്ള, യോഗ്യതയുള്ളതും പ്രായപരിധിയ്ക്കകത്തുമുള്ളതുമായ 6 ജീവനക്കാരെ നിയമിക്കും. തൃശൂരിൽ സീതാറാം ടെക്സ്റ്റൈൽസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ താമസിക്കുന്ന ആറു കുടുംബങ്ങളിലെ നിയമാനുസൃത അവകാശികൾക്ക് സ്ഥലം വിട്ടുനൽകാൻ അനുമതി നൽകി. 1958 മുതൽ താമസിക്കുന്ന ഇവർക്ക് വ്യവസ്ഥകൾക്കു വിധേയമായി വില ഈടാക്കിയാണ് ഭൂമി വിട്ടുനൽകുക. മുൻസിഫ് മജിസ്ട്രേട്ട് തസ്തിക നിയമനത്തിൽ വിമുക്ത ഭടന്മാർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചു വർഷത്തെ ഇളവു നൽകും. 1991ലെ കേരള ജ്യുഡീഷ്യൽ സർവ്വീസ് റൂൾ ഭേദഗതി ചെയ്താണ് തീരുമാനം.

## ഡൽഹി ചലോ മാർച്ച്; കർഷകരുമായുണ്ടായ ഏറ്റുമുട്ടലിൽ 12 പോലീസുകാർക്ക് പരിക്ക്

**ചണ്ഡീഗഢ്:** ഡൽഹി ചലോ മാർച്ചിനിടെ കർഷകരും ഹരിയാന പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 12 പോലീസുകാർക്ക് ഗുരുതരമായി പരിക്കേറ്റു. ഡേറ്റാ സിംഗ്ഖനൗരി അതിർത്തിയിൽ വച്ചാണ് ഏറ്റുമുട്ടലുണ്ടായത്.

'പ്രതിഷേധക്കാർ ഡാറ്റാ സിംഗ് ഖനൗരി അതിർത്തിയിൽ എല്ലാ ഭാഗത്തുനിന്നും പോലീസുകാരെ വളയുകയും മുളകുപൊടി കത്തിക്കുകയും ചെയ്തു. അവർ വടികളും കല്ലുകളും ഉപയോഗിച്ച് പോലീസുകാരെ ആക്രമിച്ചു. 12 ഓളം പോലീസുകാർക്ക് ഗുരുതരമായി പരിക്കേറ്റു.' എക്സിൽ പങ്കുവച്ച ഒരു വീഡിയോയിൽ പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

വിഷപുക ഉയർന്നതിനെത്തുടർന്ന് പോലീസുകാർക്ക് ശ്വാസതടസവും കാഴ്ച പ്രശ്നങ്ങളും നേരിട്ടു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്ന് ഞങ്ങൾ പ്രതിഷേധക്കാരോട് അഭ്യർഥിക്കുന്നു. ഇത് രണ്ടു ഭാഗത്തുനിന്നുള്ളവർക്കും അപകരമാണെന്നും അദ്ദേഹം പറഞ്ഞു.



ക്രമസമാധാനം നിലനിർത്തുന്നതിന് സഹകരിക്കാൻ ഹരിയാന പോലീസ് പ്രതിഷേധക്കാരോട് അഭ്യർഥിക്കുന്നു. കഴിഞ്ഞ ദിവസം കർഷകരുടെ ഡൽഹി ചലോ മാർച്ചിനിടെ ഹരിയാന പോലീസ് സബ് ഇൻസ്പെക്ടർ വിജയ് കുമാർ ആരോഗ്യനില വഷളായതിനെ തുടർന്ന് മരിച്ചിരുന്നു.

തോന അതിർത്തിയിലാണ് വിജയ് കുമാറിനെ നിയമിച്ചത്. ഡ്യൂട്ടിക്കിടെ അദ്ദേഹത്തിൻെറ ആരോഗ്യനില പെട്ടെന്ന് വഷളാവുകയായിരുന്നുവെന്ന് ഹരിയാന പോലീസ് എക്സ് ഹാൻഡിൽ കുറിച്ചു. കർഷകരുടെ പ്രതിഷേധത്തിൽ ഇതുവരെ മൂന്ന് പോലീസ് ഉദ്യോഗസ്ഥർക്ക് ജീവൻ നഷ്ടപ്പെട്ടതായും ഹരിയാന പോലീസ് അറിയിച്ചു.



# ഐടി മേഖലയിൽ വൻ കുതിപ്പിന് കോഴിക്കോട് ; കെടിഎക്സ് ഉച്ചകോടി 29 മുതൽ

**കോഴിക്കോട്:** പരമ്പരാഗത ഐടി നഗരങ്ങൾ അടിസ്ഥാനസൗകര്യവികസനത്തിൽ വീർപ്പു മുട്ടുമ്പോൾ നാളെയുടെ ഐടി ഹബായി മാറാൻ കോഴിക്കോട് ഒരുങ്ങുന്നു. നൂതനത്വത്തിലും സാങ്കേതികവിദ്യയിലുമുള്ള മലബാറിൻറെ ക്രയശേഷി ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതായിരിക്കും കെടിഎക്സ് 2024 ഉച്ചകോടി.ഫെബ്രുവരി 29 മുതൽ മാർച്ച് 2 വരെ കാലിക്കറ്റ് ട്രേഡ് സെൻററിലാണ് പരിപാടി.

കോഴിക്കോട് സൈബർ പാർക്ക് അടക്കം ഒമ്പത് പ്രമുഖ അക്കാദമിക്/വ്യവസായ സ്ഥാപനങ്ങൾ ചേർന്ന് രൂപീകരിച്ച സിഐടിഐ 2.0 (കാലിക്കറ്റ് ഇന്നൊവേഷൻ & ടെക്നോളജി ഇനിഷ്യേറ്റീവ്) നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആറായിരത്തിലധികം പ്രതിനിധികൾ, 200 ലേറെ പ്രദർശന സ്റ്റാളുകൾ, രാജ്യാന്തര പ്രശസ്തിയാർജ്ജിച്ച 100 ലേറെ പ്രഭാഷകർ തുടങ്ങിയവർ മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ഉച്ചകോടിയിൽ പങ്കെടുക്കുന്നുണ്ട്.രാജ്യത്തെ രണ്ട്, മൂന്ന് നിര നഗരങ്ങളിൽ ഐടി അധിഷ്ഠിത ആവാസവ്യവസ്ഥയ്ക്ക് ഏറ്റവും പറ്റിയത് കോഴിക്കോടാണെന്ന ബോധ്യത്തിൻറെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഐടി നഗരമെന്ന നിലയ്ക്ക് കോഴിക്കോട് സ്വയം മുന്നോട്ടു വയ്ക്കുന്ന മേന്മകൾ, വ്യവസായ സമൂഹത്തിൻറെ പിന്തുണ, വികസനത്തിനുള്ള സാധ്യതകൾ എന്നിവയെല്ലാം കെടിഎക്സ് 2024 ൻറെ പ്രത്യേകതയാണ്. ഐടി അധിഷ്ഠിത വ്യവസായത്തിലെ നിക്ഷേപ പദ്ധതിയുമായി വരുന്നവർക്ക് എന്തു കൊണ്ട് കോഴിക്കോട് എന്ന ചോദ്യത്തിൻറെ പ്രധാന ഉത്തരമാകും കെടിഎക്സ് 2024.കേരളത്തിലെ ഐടി വ്യവസായത്തെ സംബന്ധിച്ചിടത്തോളം മലബാർ വളരെ പ്രധാനപ്പെട്ട മേഖലയാണെന്ന് ഐടി സെക്രട്ടറി രത്തൻ കേൽക്കർ പറഞ്ഞു. ഐടി വ്യവസായമേഖലയിൽ ടയർ രണ്ട്, മൂന്ന് വിഭാഗങ്ങളിലെ നഗരങ്ങൾക്ക് മുമ്പെങ്ങുമില്ലാത്ത പ്രാധാന്യം കൈവരുന്ന അവസരമാണിത്.

പരമ്പരാഗത മെട്രോപോളിസുകൾക്ക് മാത്രം സ്വന്തമായിരുന്ന ഐടി വികസനത്തിൽ നിന്നും വ്യവസായലോകം മാറി ചിന്തിക്കുകയാണ്. ചെലവ് കുറഞ്ഞതും ഗുണമേ?യുള്ളതുമായ ഡിജിറ്റൽ ആൻഡ് ഇന്നൊവേഷൻ ഹബ് എന്ന നിലയിൽ ആഗോള ബിസിനസ് ഭൂപടത്തിൽ കോഴിക്കോട് സ്ഥാനമുറപ്പിക്കുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.മലബാറിൻറെ ഐടി വികസനവുമായി ബന്ധപ്പെട്ട് ഒമ്പത് സ്ഥാപനങ്ങൾ ഒത്തു ചേർന്നാണ് കെടിഎക്സ് 2024 നടത്താനുള്ള കാലിക്കറ്റ് ഇനോവേഷൻ ആൻഡ് ടെക്നോളജി ഇനിഷ്യേറ്റീവ് എന്ന സൊസൈറ്റിക്ക് രൂപം നൽകിയതെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ(റിട്ട.) സഞ്ജീവ് നായർ ചൂണ്ടിക്കാട്ടി. ദേശീയതലത്തിലെ മുൻനിര പ്രഭാഷകരെയും 6000 ലധികം പ്രൊഫഷണലുകളെയും കോഴിക്കോട് പോലുള്ള നഗരത്തിൽ ഒന്നിച്ചു ചേർത്തതിൽ ഇവർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. എഐ, മെഷീൻ ലേണിംഗ്, എആർ/വിആർ മെറ്റാവേഴ്സ്, സ്റ്റാർട്ടപ്പുകൾ, റോബോട്ടിക്സ് തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകളിലും കെടിഎക്സ് ഊന്നൽ നൽകുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.കേരളത്തിലെയും ഗൾഫ് മേഖലയിലെയും ഐടി മേഖലയിലെ സുപ്രധാന സഹകരണത്തിന് കെടിഎക്സ് 2024 നാന്ദി കുറിക്കുമെന്ന് കോഴിക്കോട് സൈബർപാർക്കിൻറെയും ഇൻഫോപാർക്ക് കൊച്ചിയുടെയും സിഇഒയായ സുശാന്ത് കുറുന്തിൽ പറഞ്ഞു. പരമ്പരാഗത എക്സ്പോയ്ക്കപ്പുറം, കോഴിക്കോട്ടും മലബാർ മേഖലയെക്കുറിച്ചും അന്താരാഷ്ട്ര സ്ഥാപനങ്ങൾക്ക് സമഗ്രമായ ധാരണ നൽകുന്ന ഒരു ആഗോള ഇൻസൈറ്റ് ഹബ്ബായി ഇത് മാറും. ഈ മേഖലയിലെ പ്രാദേശിക ബിസിനസ്സ് സ്ഥാപനങ്ങൾ, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വാഗ്ദാനം ചെയ്യുന്ന വേദിയായും കെടിഎക്സ് മാറുമെന്ന് അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.

മലബാർ ചേംബർ ഓഫ് കോമേഴ്സ് മുൻകൈ എടുത്ത്, കാലിക്കറ്റ് ഫോറം ഫോർ ഇൻഫർമേഷൻ ടെക്നോളജി (സിഎഎഫ്ഐടി), ഐഐഎം കോഴിക്കോട്, എൻഐടി കാലിക്കറ്റ്, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ), കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ക്രെഡായ്) കേരള, കാലിക്കറ്റ് മാനേജ്മെൻറ് അസോസിയേഷൻ (സിഎംഎ), യുഎൽ സൈബർ പാർക്ക്, കോഴിക്കോട് (യുഎൽസിസി), ഗവൺമെൻറ് സൈബർ പാർക്ക് കോഴിക്കോട് എന്നിങ്ങനെ പ്രമുഖ പ്രൈവറ്റ്, ഗവൺമെൻറ് സ്ഥാപനങ്ങളുടെ ഭാഗമായ ഒരു രജിസ്റ്റേഡ് സൊസൈറ്റിയാണ് സിഐടിഐ 2.0.സീമെൻസ്, ടാറ്റ എൽക്സി, യുബർ, ആമസോൺ പേ, ഓപ്പൺ ഫിനാൻഷ്യൽ ടെക്നോളജീസ്, ട്രസ്റ്റോണിക് ഇന്ത്യ, സഫിൻ, ടെറുമോ പെൻപോൾ, വോണ്യു. ഐഐഎം കോഴിക്കോട്, ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ എൻഐടി കോഴിക്കോട്, കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള നോളഡ്ജ് മിഷൻ, മലബാർ എയ്ഞ്ജൽ നെറ്റ് വർക്ക് തുടങ്ങിയ സ്ഥാപനങ്ങളും പ്രമുഖ കമ്പനികളിൽ നിന്നുള്ള മറ്റ് പ്രമുഖരും സാങ്കേതിക രംഗത്തെ പ്രഗത്ഭരും ഉച്ചകോടിയിൽ പങ്കെടുക്കും.






# ബംഗളൂരുവിനെ തകർത്ത് മുംബൈ മിറ്റിയോഴ്സ് വിജയവഴിയിൽ

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മൂന്നാം സീസണിൽ പിന്നിട്ടുനിന്നശേഷം ബംഗളൂരു ടോർപിഡോസിനെ കീഴടക്കി മുംബൈ മിറ്റിയോഴ്സ്. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ അഞ്ച് സെറ്റ് പോരാട്ടത്തിലായിരുന്നു മുംബൈയുടെ ജയം . സ്കോർ: 8,15, 15,12, 15,10, 11,15, 15, 9. അമിത് ഗുലിയ ആണ് കളിയിലെ താരം.

കഴിഞ്ഞ കളിയിൽ ഡൽഹി തൂഫാൻസിനോടേറ്റ ഞെട്ടിക്കുന്ന തോൽവിയിൽനിന്ന് പാഠം പഠിച്ച പോലെയായിരുന്നു ബംഗളൂരുവിന്റെ തുടക്കം. സേതുവിലൂടെ അവർ ഒന്നാന്തരം സെർവുകളുമായി കളംപിടിച്ചു. എന്നാൽ ശുഭം ചൗധരി ആക്രമണം തുടങ്ങിയതോടെ മുംബൈ കളിയിലേക്ക് തിരിച്ചുവന്നു. നിർണായക സെറ്റിൽ അമിത് മികച്ച പ്രകടനം പുറത്തെടുത്തതോടെ മുംബൈ ജയംകുറിച്ചു. അവസാന കളിയിൽ ഹൈദരാബാദ് ബ്ലാക്ഹോക്സിനോട് മുംബൈ തോറ്റിരുന്നു. സീസണിലെ രണ്ടാം ജയമാണ് അവർക്ക്. ബംഗളൂരു മൂന്ന് കളിയിൽ രണ്ടിലും തോറ്റു. ഇന്ന് രണ്ട് മത്സരങ്ങളാണ്. ആദ്യ കളിയിൽ കൊൽക്കത്ത തണ്ടർബോൾട്ട്സ് ചെന്നൈ ബ്ലിറ്റ്സിനെ നേരിടും. വൈകിട്ട് 6.30നാണ് കളി. രാത്രി 8.30ന് നടക്കുന്ന കളിയിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സ് ഹൈദരാബാദ് ബ്ലാക് ഹോക്സിനെ നേരിടും.

# കെ എഫ് ഒ ജി: പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി (കെഎഫ് ഒ ജി) സംസ്ഥാന പ്രസിഡന്റായി ഡോ. കെ. യു. കുഞ്ഞുമൊയ്തീനെയും ജനറൽ സെക്രട്ടറിയായി ഡോ. സുഭാഷ് മല്ല്യ യേയും തിരഞ്ഞെടുത്തു. ഡോ. കുഞ്ഞുമൊയ്തീൻ കോഴിക്കോട് എ ആർ എം സി (ഐ വി എഫ്) സെന്ററിന്റെ ചീഫ് ഐ വി എഫ് സ്പെഷ്യലിസ്റ്റായി സേവനം അനുഷ്ഠിക്കുന്നു. കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ സീനിയർ ഗൈനക് എൻഡോസ്കോപിക് സർജനാണ് ഡോ. സുഭാഷ് മല്ല്യ.



ഡോ. കെ. യു. കുഞ്ഞുമൊയ്തീൻ, ഡോ. സുഭാഷ് മല്ല്യ

# പിഒസിയിൽ മില്ലറ്റ് ന്യായവില വിപണി മാർച്ച് 9, 10 തിയതികളിൽ

**കൊച്ചി :** അന്താരാഷ്ട്ര മില്ലറ്റ് വർഷാചരണത്തിലൂടെ ചെറുധാന്യങ്ങൾ ജനങ്ങളുടെ തീന്മേശയുടെ ഭാഗമായി മാറിയതിനാൽ ചെറുധാന്യങ്ങളുടെ വിപണിവില വർദ്ധിക്കാൻ ഇടയായത് സാധാരണക്കാരായവർക്ക് അത് അപ്രാപ്യമാക്കി തീർത്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നല്കുന്നവർക്കുകൂടി ചെറുധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി കേരളത്തിലെ ജൈവകാർഷിക കൂട്ടായ്മയും പിഒസിയും സഹകരിച്ച് വരുന്ന മാർച്ച് 9, 10 തിയതികളിൽ പിഒസിയിൽവച്ച് 'ജൈവ ഉല്പന്നങ്ങളുടെയും പോഷക ചെറുധാന്യങ്ങളുടെയും ന്യായവില വിപണി 2024' സംഘടിപ്പിക്കുകയാണ്. രാവിലെ 10 മണിമുതൽ വൈകിട്ട് 6 മണിവരെയായിരിക്കും വിപണനം നടക്കുന്നത്.സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന നൂറുപേർക്ക് 50% വിലക്കിഴിവിൽ ചെറുധാന്യങ്ങൾ നൽകുന്നതായിരിക്കും.പേരുകൾ രജിസ്റ്റർ ചെയ്യുന്നതിന് താഴെപ്പറയുന്ന നമ്പറിൽ വിളിക്കേണ്ടതാണ്. മൊബയിൽ നമ്പർ 9746545646.

# സോണി ഇന്ത്യ എക്സ്എവിഎഎക്സ്8500 അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇന്ത്യ തങ്ങളുടെ കാർ എവി റിസീവറുകളുടെ നിരയിലേക്ക് ഒരു പുതിയ കൂട്ടിച്ചേർക്കൽ കൂടി പ്രഖ്യാപിച്ചു.എക്സ്എവിഎഎക്സ്8500 മോഡലാണ് പുതുതായി അവതരിപ്പിച്ചത്. ഉപയോക്താവിന് നിരവധി ഇഷ്ടാനുസൃതമാക്കാവുന്ന ഫീച്ചറുകൾ ഉപയോഗിച്ച് ഏറ്റവും മികച്ച ഓഡിയോവിഷ്വൽ അനുഭവം വാഗ്ദാനം ചെയ്യുന്നതാണ് പുതിയ എക്സ്എവിഎഎക്സ്8500 എന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

വിടവില്ലാത്ത ആൻറിഗ്ലെയർ ഡിസ്പ്ലേയോടു കൂടിയ ഹൈഡെഫനിഷൻ കപ്പാസിറ്റീവ് 10.1 ഇഞ്ച് ടച്ച് സ്ക്രീനാണ് എക്സ്എവിഎഎക്സ്8500ന് ആപ്പിൾ കാർപ്ലേ, ആൻഡ്രോയ്ഡ് ഓട്ടോ എന്നിവയ്ക്കൊപ്പം വയർലെസ് സ്മാർട്ട്ഫോൺ കണക്റ്റ് ചെയ്യാം. സുഖപ്രദമായ കാഴ്ചാനുഭവം സാധ്യമാക്കുന്നതാണ് എക്സ്എവിഎഎക്സ്8500ലെ എച്ച്ഡിഎംഐ കണക്റ്റിവിറ്റി. ഓരോ യാത്രയ്ക്കും അനുയോജ്യമായ തരത്തിൽ കാഴ്ചാ ആംഗിൾ എളുപ്പത്തിൽ ക്രമീകരിക്കാനും സാധിക്കും. സൗണ്ട് കസ്റ്റമൈസ് ചെയ്യാനുള്ള നിരവധി ഓപ്ഷനുകളും എക്സ്എവിഎഎക്സ്8500 വാഗ്ദാനം ചെയ്യുന്നു. ഏറ്റവും മികച്ച ശബ്ദ നിലവാര അനുഭവത്തിനായി എൽഡിഎസി സാങ്കേതിവിദ്യയും പുതിയ എവി റിസീവറിൽ സജ്ജീകരിച്ചിട്ടുണ്ട്. രൂപഭംഗിയിൽ വിട്ടുവീഴ്ച ചെയ്യാതെ തന്നെ, പരിസ്ഥിതി മനസിൽ കണ്ടാണ് എക്സ്എവിഎഎക്സ്8500ന്റെ രൂപകൽപ്പനയെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.സോണിയുടെ ക്വിക്ക് വേക്ക് അപ്പ് ഫീച്ചർ, 3ക്യാമറ ട്രിഗർ ഇൻപുട്ട്സ്, യുഎസ്ബി ടൈപ്പ് സിയുമായുള്ള അനുരൂപത, 3പ്രീ ഔട്ട് ടെർമിനൽസ്, ലളിതമായ ബട്ടൺ കണ്ട്രോൾസ്, കസ്റ്റമൈസ് ചെയ്യാവുന്ന വാൾപേപ്പർ, സിംഗിൾഡിഐഎൻ ചേസിസ് തുടങ്ങിയ അധിക സവിശേഷതകളുമുണ്ട്. ഇന്ത്യയിലുടനീളമുള്ള തിരഞ്ഞെടുത്ത പ്രീമിയം കാർ ഡീലർമാരിൽ നിന്ന് സോണി എക്സ്എവിഎഎക്സ്8500 ലഭ്യമാണ്..99,990 രൂപയാണ് വില.




# കൊച്ചിയുടെ സന്നദ്ധ സേന 'കൊച്ചി വൊളൻറിയർ ബാങ്ക്' പ്രവർത്തനസജ്ജം

**കൊച്ചി:** കൊച്ചി നഗരത്തിൻറെ വളർച്ചയ്ക്കും വികസനത്തിനും ഉതകുന്ന രീതിയിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടേയും പങ്കാളിത്തത്തോടെ രൂപീകരിച്ച വൊളൻറിയർ കൂട്ടായ്മ 'കൊച്ചി വൊളൻറിയർ ബാങ്ക്' ചലച്ചിത്രതാരം കുഞ്ചാക്കോ ബോബൻ സെൻറ് തെരേസാസ് കോളേജിൽ നടന്ന ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. 2022 23 സാമ്പത്തിക വർഷത്തെ ബജറ്റിൽ കൊച്ചി നഗരസഭ വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി വൊളൻറിയർ ബാങ്ക്.

ആധുനിക കൊച്ചിയുടെ സൃഷ്ടിക്കായി ഓരോ കൊച്ചിക്കാരനും അകമഴിഞ്ഞ പിന്തുണ നൽകേണ്ടതുണ്ടെന്നും സേവനം ചെയ്യാൻ തയ്യാറാവുന്ന വിദ്യാർത്ഥികളുടെയും യുവജനങ്ങളുടേയും പങ്കാളിത്തത്തോടെ കൂട്ടായ്മ രൂപീകരിക്കുന്നതിലൂടെ കാര്യക്ഷമമായ സംവിധാനം നിലവിൽ വരികയാണെന്നും കുഞ്ചാക്കോ ബോബൻ പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. പുതിയ തലമുറയിലൂടെ പുതിയ കൊച്ചിയെ രൂപപ്പെടുത്തിയെടുക്കുക എന്നതാണ് കൊച്ചി വൊളൻറിയർ ബാങ്കിലൂടെ ലക്ഷ്യമിടുന്നത് എന്നും കൊച്ചിയെ ഉയർന്ന ജീവിത സാഹചര്യമുള്ള നഗരമാക്കി മാറ്റാൻ കൊച്ചി വൊളൻറിയർ ബാങ്കിലൂടെ സാധിക്കുമെന്നും ചടങ്ങിൽ അദ്ധ്യക്ഷത നിർവഹിച്ചു കൊണ്ട് മേയർ അഡ്വ. അനിൽകുമാർ പറഞ്ഞു. മാലിന്യ സംസ്കരണം, ലഹരി വിരുദ്ധ പ്രവർത്തനം, നഗരാസൂത്രണം, നഗര സൗന്ദര്യവത്കരണം, കായികം, കല, കൃഷി, നൈപുണ്യവികസനം, വിദ്യാഭ്യാസമേഖല, മാനസികാരോഗ്യം, വ്യക്തിത്വ വികസനം, പ്രകൃതിസംരക്ഷണം, ദുരന്തനിവാരണ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ വിദ്യാർഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് വൊളൻറിയർ ബാങ്കിലൂടെ ലക്ഷ്യം വെക്കുന്നത്.

കൊച്ചി നഗരത്തിലെ വിവിധ ക്യാമ്പസ്സുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് വൊളൻറിയർ ബാങ്കിൻറെ ഭാഗമാകുന്നത്. നിലവിൽ എഴുന്നൂറോളം വിദ്യാർത്ഥികൾ വൊളൻറിയർ ബാങ്കിൻറെ ഭാഗമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൊളൻറിയർ ബാങ്ക് അംഗങ്ങൾക്കായുള്ള പ്രത്യേക പരിശീലന പദ്ധതി ഇതിൻറെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്.വിദ്യാർത്ഥിനിയായ അനഘ കെ.എച്ച്. തയ്യാറാക്കിയ കൊച്ചി വൊളൻറിയർ ബാങ്കിൻറെ ലോഗോയുടെ പ്രകാശനവും ബി.ടെക് വിദ്യാർഥിനികളായ ദിയ ജോസ്, ദേവേന്ദു എം.ഡി. എന്നിവർ ചേർന്ന് തയ്യാറാക്കിയ വെബ് സൈറ്റിൻറെ ലോഞ്ചിംഗും കുഞ്ചാചാക്കോ ബോബൻ നിർവ്വഹിച്ചു. കൊച്ചി കോർപ്പറേഷൻ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വി.എ. ശ്രീജിത്ത് ,ഡോ.സിസ്റ്റർ വിനീത,നഗരസഭ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.ആർ. റെനീഷ്,ഷീബലാൽ, അഡ്വ. പ്രിയ പ്രശാന്ത്, കൗൺസിലർ മനു ജേക്കബ്, നഗരസഭ സെക്രട്ടറി ചെൽസസിനി , രംഗദാസപ്രഭു, സെൻറ് തെരേസാസ് കോളേജ് പ്രിൻസിപ്പാൾ ഡോ.അൽഫോൻസ വിജയ ജോസഫ്, എസ്.എച്ച്. കോളേജ് ചെയർമാൻ നിഖിത നായർ, മഹാരാജാസ് കോളേജ് ചെയർമാൻ തമീം റഹ്മാൻ, ലോ കോളേജ് എറണാകുളം ചെയർമാൻ ഇസ ഫർഹാൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സെൻറ് തെരേസാസ് കോളേജ് എൻ.എസ്.എസ്. സെക്രട്ടറി ആഷ്‌ലി മാത്യു യു. ചടങ്ങിൽ നന്ദി രേഖപ്പെടുത്തി.

# മഴവില്ലഴകിൽ ലുലു ലിറ്റിൽ പ്രിൻസ് പ്രിൻസസ് ഫാഷൻ ഷോ

**കൊച്ചി :** പൂക്കാലത്തേക്കാൾ മനോഹരമായ നിറകാഴ്ചയായി ലുലു ഫ്ളവർ ഫെസ്റ്റ് സമാപനദിനം. പൂക്കൾ കൊണ്ട് അലങ്കരിച്ച ഉടുപ്പുകളുമിട്ട് കൊച്ചുസുന്ദരൻമാരും സുന്ദരികളും റാമ്പിൽ ചുവടുവച്ചത് ഏവരുടെയും ഹൃദയം കവർന്ന്. അത്രയേറെ സുന്ദരമായ വർണകാഴ്ച. കൊച്ചുപൂമ്പാറ്റകൾ പാറിപറന്നെത്തിയ സന്തോഷത്തിലായി കാഴ്ചക്കാർ. ലുലു ഫ്ളവർ ഫെസ്റ്റിന്റെ ഭാഗമായി സംഘടിപ്പിച്ച ലിറ്റിൽ പ്രിൻസ് പ്രിൻസസ് ഫാഷൻ ഷോയാണ് പുഷ്പോവത്സവത്തിന്റെ സമാതകളില്ലാത്ത നിറവസന്തം സമ്മാനിച്ചത്.

പരിസ്ഥിതി പ്രധാന്യം കൂടി വിളിച്ചോതിയുള്ള ഷോയിൽ നിരവധി കുരുന്നുകളാണ് ഭാഗമായത്. ആവേശകരമായ മത്സരത്തിനൊടുവിൽ സയാൻ ആസിം ലുലു ലിറ്റിൻ പ്രിൻസ് ആയി തെരഞ്ഞെടുക്കപ്പെട്ടു. അയ്റ ഇസ്സ എം.എസ് ലിറ്റിൽ പ്രിൻസസ് ആയി. ചടങ്ങിൽ മുഖ്യാതിഥിയായ നടി ശാന്തി മായാദേവി, രാധിക വേണുഗോപാൽ എന്നിവർ വിജയികൾക്ക് ട്രോഫിയും സർട്ടി




ഫിക്കറ്റും സമ്മാനിച്ചു. വിവിധ റൗണ്ടുകളിലായി നടന്ന മത്സരം കുട്ടികൾക്ക് മികച്ച അനുഭവമാണ് നൽകിയത്. റാംമ്പ് വാക്ക് ചോദ്യോത്തരവേളയും അടക്കം അടങ്ങിയതായിരുന്നു റൗണ്ടുകൾ. നടി രാധിക വേണുഗോപാൽ, ബിഗ് ബോസ് താരം വിഷ്ണു ജോഷി, സെലിബ്രിറ്റി സ്റ്റൈലിസ്റ്റ് സാബി ക്രിസ്റ്റി എന്നിവരടങ്ങിയതായിരുന്നു ജൂറി പാനൽ. മികച്ച പ്രകടനമാണ് മത്സരാർത്ഥികൾ കാഴ്ചവച്ചതെന്ന് ജൂറി പാനൽ നിരീക്ഷിച്ചു.

ഫെബ്രുവരി 14 ന് തുടങ്ങിയ ഫ്ളവർ ഫെസ്റ്റ് പ്രകൃതിസൗന്ദര്യത്തിന്റെ നേർചിത്രമായി മാറി. പുഷ്പഫലസസ്യങ്ങളുടെ വ്യത്യസ്ഥമായ ശേഖരം, പുഷ്പഫലസസ്യങ്ങളുടെ വൈവിധ്യമാർന്ന പുഷ്പങ്ങൾ ഫെസ്റ്റിൽ അവതരിപ്പിച്ചിരുന്നു. അലങ്കാര മത്സ്യപരിപാലത്തിനും അക്വേറിയം നിർമ്മാണത്തിനുമുള്ള പ്രത്യേക പരിശീലനം ഒരുക്കിയിരുന്നു. ചെടിചട്ടി കളിമൺ പാത്ര നിർമ്മാണങ്ങൾക്ക് ശിൽപികൾ നടത്തിയ വർക്ക്ഷോപ്പ് ക്ലാസുകളും പുഷ്പക്രമീകരണത്തിനും ഫ്ളവർ ബൊക്കേ നിർമ്മാണത്തിന് പ്രത്യേക പരിശീലനവും നൽകി. നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നഴ്സറികൾ, ഹോർട്ടികൾച്ചറിസ്റ്റുകൾ, വിദഗ്ദ്ധർ , എന്നിവരുടെ സേവനവും ഒരുക്കിയിരുന്നു. ഉദ്യാനപരിപാലന രംഗത്തെ വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ, പുഷ്പക്രമീകരണ ക്ലാസുകൾ അടക്കം സജ്ജമാക്കിയായിരുന്നു ലുലു ഫ്ളവർ ഫെസ്റ്റ്. കൊച്ചി ലുലു മാൾ മാനേജർ വിഷ്ണു രഘുനാഥ്, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ ഒ, ഫൺടൂറ പാർക്ക് മാനേജർ സിയാദ് എന്നിവരും ചടങ്ങിൽ ഭാഗമായി.

# ഐഡിബിഐ ബാങ്ക് :എഫ് ഡിയിൽ പ്രത്യേക നിരക്കുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഐഡിബിഐ ബാങ്ക് ഏറ്റവും പുതിയ ഓഫറായ 300 ദിവസത്തെ 'സ്പെഷ്യൽ ലിമിറ്റഡ് പിരീഡ് കാളബിൾ എഫ് ഡി ഓഫർ' അവതരിപ്പിച്ചു. 7.55 ശതമാനം വാർഷിക പലിശ നിരക്കിലാണ് പുതിയ ഓഫർ അവതരിപ്പിച്ചത്. ഉത്സവ് എഫ്ഡി സ്കീമിന് കീഴിലാണ് ഈ സംരംഭം അവതരിപ്പിച്ചത്. കുറഞ്ഞ കാലയളവിൽ ആകർഷകമായ നിരക്കുകൾ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾക്ക് ഗുണകരമാകുന്നതാണ് പുതിയ ഓഫർ. ഇതുകൂടാതെ, 375, 444 ദിവസത്തേക്ക് നിലവിലുള്ള ഉത്സവ എഫ്ഡികൾ യഥാക്രമം 7.60%, 7.75% എന്നിങ്ങനെയുള്ള മത്സര നിരക്കുകൾ വാഗ്ദാനം ചെയ്യുന്നത് തുടരുകായും ചെയ്യും.

# സി എ ഇന്റർമീഡിയറ്റ് കോച്ചിംഗ് ക്ലാസുകൾ

**കൊച്ചി:** ഐ സി എ ഐ ( ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഴ്ഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ ) എറണാകുളം ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ നവംബർ 2024 ൽ നടക്കുന്ന സി എ ഇന്റർമീഡിയറ്റ് പരീക്ഷയ്ക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ഫൗണ്ടേഷൻ പാസ്സ് ആയവർക്കും, 55 % മാർക്കുള്ള കോമേഴ്സ് ബിരുദ / ബിരുദാനന്തര വിദ്യാർത്ഥികൾക്കും, 60 ശതമാനം മാർക്കുള്ള മറ്റു ബിരുദ/ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഇന്റർമീഡിയറ്റ് കോഴ്സിന് ചേരാം. ഫെബ്രുവരി 26 ന് ക്ലാസ്സുകൾ ആരംഭിക്കും. രാവിലെ 7:30 മുതൽ വൈകിട്ട് 4 വരെ 7 മാസമാണ് ക്ലാസ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് 8330885021, 0484 2362027. Em-ai-l: ernakulam@icai.org

# പേറ്റന്റ് നേട്ടം ഇരട്ടിയാക്കി മദ്രാസ് ഐഐടി

**കൊച്ചി:** മദ്രാസ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) പേറ്റന്റുകളിൽ ഇരട്ടി നേട്ടമുണ്ടാക്കി. 2023ൽ അനുവദിക്കപ്പെട്ട പേറ്റന്റുകൾ 300 ആയി ഉയർന്നു. മുൻവർഷമിത് 156 ആയിരുന്നു.കൂടാതെ, പേറ്റന്റ് സഹകരണ ഉടമ്പടി (പിസിടി) പ്രകാരം അനുവദിച്ച അന്താരാഷ്ട്ര പേറ്റന്റുകളുടെ എണ്ണവും ഗണ്യമായി വർധിച്ചു.

മുൻവർഷത്തെ 58ൽ നിന്ന് 2023ൽ ഇത് 105 ആയി ഉയർന്നു.വയർലെസ് നെറ്റ്‌വർക്കുകൾ, അഡ്വാൻസ്ഡ് മെറ്റീരിയലുകൾ, റോബോട്ടിക്സ്, അഡിറ്റീവ് മാനുഫാക്ചറിംഗ് ടെക്നോളജി, എഞ്ചിൻ അഡ്വാൻസ്മെൻറ്സ്, അസിസ്റ്റീവ് ഡിവൈസസ്, നൂതന സെൻസർ ആപ്ലിക്കേഷനുകൾ, ക്ലീൻ എനർജി, എയ്റോസ്പേസ് ആപ്ലിക്കേഷനുകൾ, പോളിമർ മെറ്റീരിയൽ, തിൻ ഫിലിമുകൾ, ഉൽപ്രേരകങ്ങൾ ,ബയോമെഡിക്കൽ അപ്ലിക്കേഷനുകൾ എന്നിവയിലും മറ്റു നൂതന സാങ്കേതിക വിദ്യകളിലുമാണ് മദ്രാസ് ഐഐടിയിലെ ഗവേഷകർ ബൗദ്ധിക സ്വത്തവകാശം കൈവരിക്കുന്നത്.

സ്വാതന്ത്ര്യത്തിന്റെ നൂറാം വർഷത്തിലേക്ക് നീങ്ങുമ്പോൾ, സ്വന്തം ആശയങ്ങൾ സംരക്ഷിക്കുകയെന്നത് രാഷ്ട്രത്തെ മഹാശക്തിയാക്കാൻ വളരെ പ്രധാനമാണെന്ന് പേറ്റന്റ് നേട്ടത്തിൽ ഫാക്കൽറ്റിയെയും ഗവേഷകരെയും വിദ്യാർത്ഥികളെയും അഭിനന്ദിച്ചുകൊണ്ട് മദ്രാസ് ഐഐടി ഡയറക്ടർ പ്രൊഫ. വി കാമകോടി പറഞ്ഞു.

പേറ്റന്റ് അപേക്ഷ ഫയലിംഗും സാങ്കേതിക കൈമാറ്റവും ഉയർത്തുന്നതിന് മദ്രാസ് ഐഐടി വിവിധ സംരംഭങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സിംപിൾ ഐപി മാനേജ്മെന്റ് ടൂൾ, ഫീസ് ഇളവ്, ഫാസ്റ്റ് ട്രാക്കിംഗ് ആപ്ലിക്കേഷനുകൾ, ഐപിആർ ബോധവൽക്കരണ വർക്ഷോപ്, ഗവേഷകർക്ക് പ്രചോദനം, പുരസ്കാരങ്ങൾ എന്നിവ അക്കൂട്ടത്തിലുൾപ്പെടുന്നു.

# ഉയിർപ്പ് കലാജാഥയ്ക്ക് സ്വീകരണം നൽകി

**കൊച്ചി:** മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെ കുറിച്ച് സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ കുട്ടികളെ ബോധവത്കരിക്കുന്നതിനു വേണ്ടി കേരള സർക്കാരിന്റെ പദ്ധതിയായ ഉയിർപ്പ് കലാജാഥയ്ക്ക് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ സ്വീകരണം നൽകി. കലാജാഥയുടെ ഭാഗമായി ക്യാമ്പസിൽ തെരുവ് നാടകം അവതരിപ്പിച്ചു. സർവ്വകലാശാലയിലെ ലഹരി വിരുദ്ധ സമിതിയും നാഷണൽ സർവ്വീസ് സ്കീം യൂണിറ്റും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ഡോ. അജിത് കുമാർ കെ. വി., ഡോ. സരിത ടി. പി., ഡോ. ജെൻസി എം., ഡോ. കെ. എൽ. പത്മദാസ്, പ്രജിഷ, ധന്യ, മിഥുൻ കെ. വി. എന്നിവർ പ്രസംഗിച്ചു.



## വിൽപ്പന 100,000 യൂണിറ്റ് മറികടന്ന് ജോയ് ഇ-ബൈക്ക്

**കൊച്ചി:** 'ജോയ് ഇ-ബൈക്ക്' ബ്രാൻഡിന് കീഴിലുള്ള ഇന്ത്യയിലെ ഇലക്ട്രിക് വാഹനങ്ങളുടെ മുൻനിര നിർമ്മാതാക്കളായ വാർഡവിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് (ഡബ്ല്യുഐഎംഎൽ) ഇന്ത്യയിൽ ഇലക്ട്രിക് ഇരുചക്ര വാഹന വിൽപ്പനയിൽ 100,000 യൂണിറ്റ് മറികടന്ന് സുപ്രധാന നേട്ടം കൈവരിച്ചു. ഇതിനോടനുബന്ധിച്ച് വഡോദരയിലെ അത്യാധുനിക നിർമ്മാണ പ്ലാന്റിൽ നിന്ന് കമ്പനി അതിന്റെ ഒരു ലക്ഷം പിന്നിടുന്ന മിഹോസ് മോഡലും പുറത്തിറക്കി.പുതിയ നാഴികക്കല്ല് പിന്നിട്ടതിന്റെ ആഘോഷ സൂചകമായി മിഹോസ്, വോൾഫ്+, ജെൻ നെക്സ്റ്റ് നാനു+ എന്നീ മോഡലുകൾക്ക് 30,000 രൂപ ഇളവും, സൗജന്യ ഇൻഷുറൻസും പ്രഖ്യാപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലുട നീളമുള്ള എല്ലാ അംഗീകൃത ജോയ് ഇ-ബൈക്ക് ഡീലർഷിപ്പുകളിലും 2024 മാർച്ച് 31 വരെ ഓഫറുകൾ ലഭ്യമാവും.

## ബദാം ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുന്നുവെന്ന് ആരോഗ്യവിദഗ്ദ്ധർ

**കൊച്ചി:** മധുര പലഹാരങ്ങളും ആഹ്ലാദകരമായ ഭാവപ്രകടനവുമുള്ള പരമ്പരാഗത ബന്ധം പിന്തുടരുന്നതിന് പകരം, ആരോഗ്യത്തിനും ക്ഷേമത്തിനും മുൻഗണന നൽകണമെന്ന ആരോഗ്യവിദഗ്ദ്ധർ, സിങ്ക്, ഫോളേറ്റ്, ഇരുമ്പ്, വിറ്റാമിൻ ഇ, മഗ്നീഷ്യം, പ്രോട്ടീൻ എന്നിവയുൾപ്പെടെ 15 പോഷകങ്ങളാൽ നിറഞ്ഞ ഈ പവർഹൗസ് നട്ട് ആരോഗ്യപരമായ ഗുണങ്ങളുടെ ഒരു ശ്രേണിക്ക് തന്നെ സംഭാവന നൽകുന്നു. അവ ഹൃദയാരോഗ്യത്തെ പിന്തുണയ്ക്കുന്നതോടൊപ്പം, ചർമത്തിന്റെ ആരോഗ്യത്തെയും പ്രോത്സാഹിപ്പിക്കുകയും, ശരീരഭാരം നിയന്ത്രിക്കാനും, രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണം നിയന്ത്രിക്കാനും സഹായിക്കുകയും ചെയ്യും. സിങ്ക്, പ്രോട്ടീൻ, വിറ്റാമിൻ ഇ തുടങ്ങിയ 15 പോഷകങ്ങളുടെ ഉറവിടമായ ബദാം, അവയുടെ നിരവധി ആരോഗ്യ ഗുണങ്ങളോടെ, ചിന്തനീയവും പോഷിപ്പിക്കുന്നതുമായ ഒരു സമ്മാനത്തിനുള്ള എന്റെ തിരഞ്ഞെടുപ്പാണെന്നും ബോളിവുഡ് നടി സോഹ അലി ഖാൻ പറഞ്ഞു.

## യൂണിവേഴ്സിറ്റി ആൻഡ് ഫുഡ്സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണൽ

**കോഴിക്കോട്:** യൂണിവേഴ്സിറ്റി ആൻഡ് ഫുഡ്സേഫ്റ്റി അപ്പലേറ്റ് ട്രിബ്യൂണലിന്റെ ഫെബ്രുവരി മാസത്തിലെ ഔദ്യോഗിക ക്യാമ്പ് ഫെബ്രുവരി 28നു രാവിലെ 11മുതൽ കോഴിക്കോട് വെസ്റ്റ് ഹിൽ ഗസ്റ്റ്ഹൗസിൽ നടക്കും. ഈ ദിവസങ്ങളിൽ പോസ്റ്റ് ചെയ്തിരിക്കുന്ന കേസുകളുടെ വാദം കേൾക്കുന്നതോടൊപ്പം കാസർകോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ ഫുഡ്സേഫ്റ്റി ആക്ട് 2006ന്റെ പരിധിയിൽ വരുന്ന കേസുകളും, യൂണിവേഴ്സിറ്റി കേസുകളും അപ്പീൽ ചട്ടങ്ങൾക്കനുസൃതമായി ഫയലിൽ സ്വീകരിക്കുമെന്ന് യൂണിവേഴ്സിറ്റി ആൻഡ് ഫുഡ് സേഫ്റ്റി അപ്പലേറ്റ് ട്രൈബ്യൂണൽ സെക്രട്ടറി അറിയിച്ചു.

## വംശനാശ ഭീഷണി നേരിടുന്ന സ്രാവുകളെ സംരക്ഷിക്കണം; സ്രാവ് ഹോട്സ്പോട്ടുകൾ നിർദേശിച്ച് സിഎംഎഫ്ആർഐ





**കൊച്ചി:** സ്രാവുകളുടെ സംരക്ഷണം മുൻനിർത്തി ഇന്ത്യൻ സമുദ്രാതിർത്തിയിൽ 'സ്രാവ് ഹോട്സ്പോട്ടുകൾ' നിശ്ചയിക്കണമെന്ന നിർദേശവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). സ്രാവ് പിടുത്തവുമായി ബന്ധപ്പെട്ട് മുൻകരുതലുകൾ സ്വീകരിക്കുന്നതിനാണ് ഈ നിർദേശം. വംശനാശഭീഷണി നേരിടുന്നതും പ്രജനനം നടത്താൻ പാകമായതുമായ സ്രാവിനങ്ങൾ, കുഞ്ഞുങ്ങൾ എന്നിവയുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ളതാണ് ഈ നീക്കം. സ്രാവുകളുടെ സംരക്ഷണം സംബന്ധിച്ച് കൊച്ചിയിൽ നടന്ന ചർച്ചയിലാണ് സിഎംഎഫ്ആർഐ ഈ നിർദേശം അവതരിപ്പിച്ചത്.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി സ്രാവുകളുടെ ലഭ്യത കുറഞ്ഞുവരുന്നതായാണ് കണക്ക്. മിക്ക സ്രാവുകൾക്കും കൂടിയ ആയുർദൈർഘ്യവും കുറഞ്ഞ പ്രത്യുൽപാദന നിരക്കുമാണുള്ളത്. അതിനാൽ തന്നെ അമിതചൂഷണത്തെ പ്രതിരോധിക്കാൻ കഴിയില്ല. ഇവയുടെ ചെറിയ കുഞ്ഞുങ്ങളുടെ പിടികൂടുന്നതും സ്രാവ് സമ്പത്തിന് ഭീഷണിയാണ്. ഇന്ത്യൻ തീരങ്ങളിൽ 2012 മുതൽ 2022 വരെയുള്ള സ്രാവ്, തിരണ്ടി, ഗിത്താർ മത്സ്യം എന്നിവയുടെ മൊത്ത ലഭ്യതയിൽ ഏകദേശം 55 ശതമാനം കുറവുണ്ടായിട്ടുണ്ട് ശിൽപശാലയിൽ സിഎംഎഫ്ആർഐ അവതരിപ്പിച്ച റിപ്പോർട്ട് ചൂണ്ടിക്കാട്ടി.സ്രാവുകളുടെ സംരക്ഷണത്തിന് തുടർച്ചയായ നിരീക്ഷണവും വിലയിരുത്തലുകളും ആവശ്യമാണ്. മത്സ്യത്തൊഴിലാളികളെയും അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും കൃത്യമായി ബോധവൽക്കരിക്കുകയും വേണം റിപ്പോർട്ട് അവതരിപ്പിച്ച സിഎംഎഫ്ആർഐയിലെ ഫിൻഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ പറഞ്ഞു.സ്രാവുകളെക്കുറിച്ചുള്ള സിഎംഎഫ്ആർഐയുടെ ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ വിശദീകരിച്ചു. ഇന്ത്യൻ സമുദ്രാതിർത്തിയിൽ നിന്ന് സ്രാവ്തിരണ്ടിഗിത്താർമത്സ്യ വിഭാഗത്തിൽപെട്ട 121 ഇനങ്ങളുടെ വാർഷിക ലാൻഡിംഗ് വിവരങ്ങൾ സിഎംഎഫ്ആർഐ രേഖപ്പെടുത്തിവരുന്നുണ്ട്. ഏതൊക്കെ രീതികളാണ് സ്രാവുകളുടെ നിലനിൽപ് അപകടത്തിലാക്കുന്നതെന്ന് മനസ്സിലാക്കുന്നതിന് സിഎംഎഫ്ആർഐ ഊന്നൽ നൽകും. ഫലപ്രദമായ സംരക്ഷണം, സുസ്ഥിരത, കൈകാര്യരീതികൾ എന്നിവ രൂപപ്പെടുത്തുന്നതിന് ഈ അറിവ് നിർണായകമാകും. സ്രാവ് സമ്പത്തിനെ ആശ്രയിക്കുന്ന തീരദേശ സമൂഹങ്ങളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനും ഇത് ഗുണം ചെയ്യും. അദ്ദേഹം പറഞ്ഞു. സിഎംഎഫ്ആർഐയെ ഇന്ത്യയിലെ സൈറ്റസ് (വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളുടെയും സസ്യജാലങ്ങളുടെയും അന്തർദേശീയ വ്യാപാരത്തെക്കുറിച്ചുള്ള കൺവെൻഷൻ) സയന്റിഫിക് അതോറിറ്റിയായി അംഗീകരിച്ചിട്ടുണ്ട്. , കൂടാതെ സൈറ്റസ് പട്ടികയിലുൾപ്പെട്ട സമുദ്രജീവികളെക്കുറിച്ചുള്ള നോൺഡിട്രിമെന്റൽ ഫൈൻഡിംഗ് പഠനങ്ങൾ നടത്തുന്നതും സിഎംഎഫ്ആർഐയാണ്. ഇതുവരെ, 11 മത്സ്യങ്ങളുടെ ആറ് എൻഡിഎഫ് പഠനങ്ങൾ സിഎംഎഫ്ആർഐ പുറത്തിറക്കിയിട്ടുണ്ട്. സ്രാവുകളുമായി ബന്ധപ്പെട്ട ഗവേഷണത്തിൽ സിഎംഎഫ്ആർഐയുടെ വൈദഗ്ധ്യം ആഗോള അംഗീകാരം നേടിക്കൊണ്ടിരിക്കുകയാണ്. കടൽജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നിരവധി രാജ്യാന്തര സ്ഥാപനങ്ങളുടെ പഠനസംഘങ്ങളിലും പാനലുകളിലും സിഎംഎഫ്ആർഐയിലെ ഗവേഷകർ ഇടം നേടിയിട്ടുണ്ട്.സ്രാവുകളുടെ ജനിതകപഠനവുമായി ബന്ധപ്പെട്ട് സാങ്കേതിക സഹകരണത്തിനായി ഒമാൻ സർക്കാർ സിഎംഎഫ്ആർഐയെ സമീപിച്ചിട്ടുണ്ടെന്ന് ഡോ ഗോപാലകൃഷ്ണൻ പറഞ്ഞു.

## രാജ്യത്തെ ആദ്യ ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കി കേരളം

**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാനുള്ള കാർസാപ്പിന്റെ (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) ഭാഗമായി ശക്തിപ്പെടുത്തിയ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലൂടെ രാജ്യത്തെ ആദ്യത്തെ ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കുന്ന സംസ്ഥാനമായി കേരളം മാറി. എറണാകുളം ജില്ലയാണ് ആന്റിബയോഗ്രാം പുറത്തിറക്കിയത്. എല്ലാ ജില്ലകളിലും ബ്ലോക്കുകളിലും എ.എം.ആർ. കമ്മിറ്റികൾ രാജ്യത്ത് ആദ്യമായി കേരളത്തിൽ രൂപീകരിച്ചിരുന്നു. അവയുടെ പ്രവർത്തനഫലമായാണ് എറണാകുളം ജില്ലയ്ക്ക് ഇത് പുറത്തിറക്കാൻ സാധിച്ചത്. കാർസാപ്പ് അവലോകന യോഗത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജാണ് ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കിത്. ലോക എ.എം.ആർ. അവബോധ വാരാചണത്തോടനുബന്ധിച്ചും ആന്റിബയോട്ടിക് സാക്ഷര കേരളം പദ്ധതിയുടെ ഭാഗമായും കേരളം ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പുസ്തകവും മന്ത്രി പുറത്തിറക്കി.

എല്ലാ ജില്ലകളുടേയും ആന്റിബയോഗ്രാം വരും വർഷങ്ങളിൽ പുറത്തിറക്കുക എന്നുള്ളതാണ് സംസ്ഥാനം ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. 11 ജില്ലകളിൽ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ ലാബ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. എല്ലാവർഷവും പുറത്തിറക്കുന്ന കാർസ്നെറ്റ് ശൃംഖലയിലൂടെയുള്ള കാർസാപ്പ് ആന്റിബയോഗ്രാം വഴി ത്രിതല ആശുപത്രികളിലെ എ.എം.ആർ. രീതിയാണ് പഠിച്ചുകൊണ്ടിരുന്നത്. എന്നാൽ ജില്ലാതല ആന്റിബയോഗ്രാമിലൂടെ പ്രാഥമിക, ദ്വിതീയതല ആശുപത്രികളിലെ എ.എം.ആർ. (ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്) ട്രെന്റ് മനസിലാക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗം നടപ്പിലാക്കിയ ഓപ്പറേഷൻ അമൃതിന്റെ പുരോഗതിയും അവലോകനം ചെയ്തു. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്നതല്ല എന്ന പോസ്റ്റർ എല്ലാ മെഡിക്കൽ സ്റ്റോറുകളിലും പതിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചിട്ടുള്ള പരിശോധനകൾ കർശനമാക്കാനും നിർദേശം നൽകി. സയന്റിഫിക് അഡ്വൈസർ ഡോ. എം.സി. ദത്തൻ,എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻബാബു, ഡെപ്യൂട്ടി സെക്രട്ടറി ശിഖ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ. റീന, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോ. ഡയറക്ടർ ഡോ. ഡി. മീന, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാർ, പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഷീല എ.എം., കർസാപ്പ് നോഡൽ ഓഫീസർ ഡോ. മഞ്ജുശ്രീ, വർക്കിംഗ് കമ്മിറ്റി കൺവീനർ ഡോ. അരവിന്ദ്, ഡി.എച്ച്.എസ്. നോഡൽ ഓഫീസർ ഡോ. ശിവപ്രസാദ്, എ.എം.ആർ. സർവയലൻസ് നോഡൽ ഓഫീസർ ഡോ. ജ്യോതി, ഡോ. ആര്യ, എസ്.എച്ച്.എസ്.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജിതേഷ്, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർ ഡോ. സുനിജ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാന ആം റെസ്‌ലിംഗ് ചാമ്പ്യൻഷിപ്പ്: ശിവജിത്ത് ജനാർദനനും സ്റ്റീവ് തോമസും ജേതാക്കൾ

**കൊച്ചി:** സംസ്ഥാന ആം റെസ്‌ലിംഗ് ചാമ്പ്യൻഷിപ്പ് 2024ൽ ചാമ്പ്യൻ ഓഫ് ചാമ്പ്യൻ ആയി തിളങ്ങി ശിവജിത്ത് ജനാർദനനും സ്റ്റീവ് തോമസും. യഥാക്രമം സീനിയർ വിഭാഗത്തിലും യൂത്ത് വിഭാഗത്തിലുമാണ് ഇവരുടെ കിരീട നേട്ടം. പ്രോ പഞ്ച ലീഗ് താരങ്ങളാണ് ഇരുവരും. കിരാക് ഹൈദരാബാദ് ഫ്രാഞ്ചൈസിയിലാണ് സ്റ്റീവ് കളിക്കുന്നത്, ശിവജിത്ത് ലുധിയാന ലയൺസ് ടീമിന്റെ താരമാണ്. പ്രോ പഞ്ച ലീഗിൽ മികച്ച പ്രകടനമാണ് സ്റ്റീവ് നടത്തിയത്. അതേസമയം റോഹ്തക് റൗഡീസിന്റെ ഇതിഹാസ താരം രാഹുൽ പണിക്കറെ ആവേശകരമായ പോരാട്ടത്തിൽ തോൽപ്പിച്ചതോടെയാണ് ശിവജിത്ത് ശ്രദ്ധിക്കപ്പെട്ടത്. പ്രോ പഞ്ച ലീഗ് താരങ്ങളാണ് ഇരുവരും. കിരാക് ഹൈദരാബാദ് ഫ്രാഞ്ചൈസിയിലാണ് സ്റ്റീവ് കളിക്കുന്നത്, ശിവജിത്ത് ലുധിയാന ലയൺസ് ടീമിന്റെ താരമാണ്. പാലാ സെന്റ് തോമസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിൽ ജോജി ഏലൂരിന്റെ നേതൃത്വത്തിലാണ് ചാമ്പ്യൻഷിപ്പ് നടന്നത്. പ്രോ പഞ്ച ലീഗിന്റെ സഹസ്ഥാപകൻ പർവിൻ ദബാസും മത്സരങ്ങൾ നേരിട്ട് വീക്ഷിക്കാൻ എത്തിയിരുന്നു.

15 വിഭാഗങ്ങളിലായിരുന്നു സീനിയർ പുരുഷന്മാരിൽ (വലംകൈ വിഭാഗം), 70 കിലോഗ്രാം ഭാര വിഭാഗത്തിൽ ശിവജിത്ത് ജനാർദനൻ ചാമ്പ്യനായി. ദിൽഷാദ് എം.എ 110 കിലോഗ്രാം വിഭാഗത്തിൽ രണ്ടാം സ്ഥാനത്തെത്തി. സീനിയർ വനിതകളിൽ (വലംകൈ വിഭാഗം) 70 കിലോഗ്രാം വിഭാഗത്തിൽ ജിൻസി മോൾ സെബാസ്റ്റ്യൻ ഒന്നാമതെത്തിയപ്പോൾ, 90 കിലോഗ്രാം വിഭാഗത്തിൽ ശ്രീലേഖ കെ.എ രണ്ടാം സ്ഥാനത്തെത്തി.യൂത്ത് ബോയ്സിന്റെ (വലംകൈ വിഭാഗം) 80 കിലോഗ്രാം വിഭാഗത്തിൽ സ്റ്റീവ് തോമസ് വിജയിച്ചപ്പോൾ, 90+ കിലോഗ്രാം വിഭാഗത്തിൽ ഇൻഫാൻ പി.ബി രണ്ടാം സ്ഥാനം നേടി. അതേസമയം, യൂത്ത് ഗേൾസിൽ (വലംകൈ വിഭാഗം) 70+ കിലോ വിഭാഗത്തിൽ അക്സ എമി സി ജോൺ ഒന്നാമതെത്തിയപ്പോൾ 70 കിലോഗ്രാം വിഭാഗത്തിൽ റംസിയ മോൾ എസ് രണ്ടാം സ്ഥാനത്തെത്തി. ജൂനിയർ ആൺകുട്ടികളിൽ (വലംകൈ വിഭാഗം) 80 കിലോഗ്രാം വിഭാഗത്തിൽ മുഹമ്മദ് ഷാഫി ഒന്നാമതും 90 കിലോഗ്രാം വിഭാഗത്തിൽ ആദിത് പി.കെ രണ്ടാം സ്ഥാനവും നേടി. ജൂനിയർ ഗേൾസിൽ (വലംകൈ വിഭാഗം) 55 കിലോഗ്രാം വിഭാഗത്തിൽ തേജ പി.ജെ ഒന്നാം സ്ഥാനം സ്വന്തമാക്കി. 70+ കിലോഗ്രാം വിഭാഗത്തിൽ എം ഹഷ്നക്കാണ് രണ്ടാം സ്ഥാനം. സീനിയർ പുരുഷന്മാരുടെ വലംകൈ വിഭാഗത്തിൽ 54 പോയിന്റുമായി എറണാകുളം ജില്ല ഒന്നാമതെത്തിയപ്പോൾ 32 പോയിന്റുമായി ഇടുക്കിയും 22 പോയിന്റുമായി വയനാടും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ എത്തി. അതേസമയം, സീനിയർ വനിതകളുടെ വലംകൈ വിഭാഗത്തിൽ തൃശൂർ, കോഴിക്കോട് ജില്ലകൾ 36 പോയിന്റുമായി ഒന്നാം സ്ഥാനം പങ്കിട്ടു. 22 പോയിന്റുമായി എറണാകുളവും, 18 പോയിന്റുമായി ഇടുക്കിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.




# റെനോ ഇന്ത്യയും ബിഎൽഎസ് ഇസെർവീസസും ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ന്യൂഡൽഹി:** യൂറോപ്യൻ കാർ ബ്രാൻഡായ റെനോ ഇന്ത്യയും ബിഎൽഎസ് ഇന്റർനാഷണലിന്റെ ഉപസ്ഥാപനമായ ബിഎൽഎസ് ഇസെർവീസസും, ഗ്രാമീണ ഇന്ത്യയിൽ റെനോയുടെ പുതിയ 2024 ശ്രേണിയിലുള്ള ക്വിഡ്, ട്രൈബർ, കൈഗർ എന്നിവയുടെ ലഭ്യതയും പ്രവേശനക്ഷമതയും വർധിപ്പിക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചു.

ഈ സഹകരണത്തിലൂടെ, റെനോ ഇന്ത്യ, ബിഎൽഎസ് ഇസർവീസസിന്റെ ഏകദേശം 100,000 ടച്ച്പോയിന്റുകൾ, B2C, CSPകൾ, VLEകൾ എന്നിവയുടെ വ്യാപകമായ ശൃംഖലയെ 1,016 ഡിജിറ്റൽ സ്റ്റോറുകൾക്കൊപ്പം ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിൽ റെനോ കാറുകളുടെ അവബോധം വളർത്തുന്നതിനും വിൽപ്പന സുഗമമാക്കുന്നതിനും പ്രയോജനപ്പെടുത്തും. കാറുകൾ ബുക്ക് ചെയ്യുന്നതിന് ആഘട ഇസേവനങ്ങൾ തിരഞ്ഞെടുക്കുന്ന ഉപഭോക്താക്കൾക്ക് തടസ്സങ്ങളില്ലാത്ത കാർ ബുക്കിംഗ് അനുഭവം, ഫിനാൻസ് ഓപ്ഷനുകൾ, തടസ്സങ്ങളില്ലാത്ത ടെസ്റ്റ് ഡ്രൈവ് എന്നിവ ആസ്വദിക്കാനാകുമെന്ന് റെനോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സുധീർ മൽഹോത്ര പറഞ്ഞു, ഗ്രാമീണ ഇന്ത്യ ഞങ്ങൾക്ക് വലിയ സാധ്യതകളാണ് ഉള്ളത്, ബിഎൽഎസ് ഇസെർവീസുകളുമായുള്ള ഞങ്ങളുടെ സഹകരണത്തിലൂടെ ഈ മേഖലയിൽ ഞങ്ങളുടെ സന്നിധ്യം വർധിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ബിഎൽഎസ്ന്റെ ഡിജിറ്റൽ, ഓൺസൈറ്റ് ശക്തികൾ പ്രയോജനപ്പെടുത്തി, റെനോയുടെ ഓട്ടോമോട്ടീവ് സാങ്കേതികവിദ്യ പുതിയതും വൈവിധ്യമാർന്നതുമായ ഉപഭോക്തൃ വിഭാഗങ്ങളിലേക്ക് അവതരിപ്പിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്ന് ബിഎൽഎസ് ഇസെർവീസസ് ചെയർമാൻ ശിഖർ അഗർവാൾ പറഞ്ഞു, റെനോ ഇന്ത്യയുമായുള്ള ഈ സഖ്യം രൂപപ്പെടുത്തുന്നതിലൂടെ, ഞങ്ങൾ പുരോഗതിയുടെ ചലനാത്മക ലാൻഡ്സ്കേപ്പ് രൂപപ്പെടുത്തുകയാണ്. വിപുലമായ ഒരു വിതരണ ശൃംഖലയിലൂടെ ഞങ്ങൾ ക്വിഡ്, ട്രൈബർ, കിഗർ എന്നിവയുടെ പ്രൗഢി ഗ്രാമീണ ഭൂപ്രകൃതിയിലുടനീളം വ്യാപിപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ധനം അവാർഡ് നൈറ്റ് ഫെബ്രുവരി 22ന്

**കൊച്ചി:** ധനം ബിഎഫ്എസ്ഐ സമിറ്റ് & അവാർഡ് നൈറ്റ് ഫെബ്രുവരി ഏഴിന് കൊച്ചിയിലെ ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കും. രാവിലെ 9.30 മുതൽ രാത്രി 9.30 വരെ നീളുന്ന സമിറ്റിൽ രാജ്യത്തെ ഫിനാൻസ് രംഗത്തെ 20 ഓളം പ്രമുഖർ പ്രഭാഷണം നടത്തും.എൽഐസി മാനേജിംഗ് ഡയറക്റ്റർ എം ജഗന്നാഥാണ് കോൺഫറൻസിലെ മുഖ്യാതിഥി. അവാർഡ് ദാന ചടങ്ങിൽ കെഎസ്ഐഡിസി ചെയർമാൻ പോൾ ആന്റണി ഐഎഎസ് (റിട്ട.) മുഖ്യാതിഥിയാകും.ബാങ്കിംഗ്, ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷുറൻസ് എന്നീ മേഖലകളിലെ ധനം എക്സലൻസ് അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും.

## 68 പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 13.47 കോടി

**കൊച്ചി:** സംസ്ഥാനത്ത് 68 പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 13.47 കോടി രൂപ കൂടി അനുവദിച്ചതായി പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു. ഒരു വർഷം പുതിയതായി അൻപത് പാലങ്ങൾ നിർമിക്കുകയെന്നത് ഈ സർക്കാർ അധികാരമേറ്റപ്പോഴുള്ള ലക്ഷ്യമായിരുന്നു. എന്നാൽ രണ്ടുവർഷ കാലാവധി തികഞ്ഞപ്പോഴേക്കും നൂറിലേറെ പാലങ്ങൾ പൂർത്തിയാക്കി തുറന്നുകൊടുക്കാൻ പൊതുമരാമത്ത് വകുപ്പിനു സാധിച്ചു. നിലവിലുള്ള പാലങ്ങളിൽ പകുതിയും 25 30 വർഷം പഴക്കമുള്ളവയാണ്. ഇതിൽ 68 പാലങ്ങൾക്ക് അടിയന്തരമായി അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെന്ന് ചീഫ് എൻജിനീയർ റിപ്പോർട്ട് നൽകിയിരുന്നു. ഇതിനായി ഇതുവരെ 2.5 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ധനകാര്യവകുപ്പിനോട് പ്രത്യേകം അനുമതി വാങ്ങിയാണ് ഇപ്പോൾ അധികതുക അനുവദിച്ചിരിക്കുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.




## ജൂനിയർ റൈസിംഗ് സ്റ്റാർസ് പ്ലാറ്റ്ഫോം അവതരിപ്പിച്ച് ക്ലബ്ബ് മഹീന്ദ്ര

**കൊച്ചി:** മഹീന്ദ്ര ഹോളിഡേയ്സ് ആൻഡ് റിസോർട്ട്സ് ഇന്ത്യ ലിമിറ്റഡിന്റെ മുൻനിര ബ്രാൻഡായ ക്ലബ് മഹീന്ദ്ര, കുട്ടികളെ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പ്ലാറ്റ്ഫോമായ 'ജൂനിയർ റൈസിംഗ് സ്റ്റാർസ്' അവതരിപ്പിച്ചു. നൃത്തം, അഭിനയം, ആലാപനം തുടങ്ങിയ വിഭാഗങ്ങളിൽ 60 സെക്കൻഡിൽ താഴെയുള്ള വീഡിയോകൾ റെക്കോർഡുചെയ്ത് അവരുടെ കഴിവുകളെ പ്രകടിപ്പിക്കുവാൻ ഇത് കുട്ടികളെ പ്രോത്സാഹിപ്പിക്കും. ഈ പ്ലാറ്റ് ഫോം 2024 മാർച്ച് വരെ തുടരും.പ്രശസ്ത താരം സുനിൽ ഗ്രോവർ മുഖമാകുന്ന ക്യാപയിനിന്റെ വീഡിയോ പരസ്യവും ഈയിടെ പുറത്തിറക്കി. മത്സരാർത്ഥികൾക്ക് അവരുടെ സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ വീഡിയോകൾ പങ്കിട്ടും ക്ലബ് മഹീന്ദ്രയെ ടാഗ് ചെയ്തും വെബ്സൈറ്റിൽ ലിങ്ക് നൽകിയും മത്സരത്തിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്കായി ലിങ്കിൽ ക്ലിക്ക് ചെയ്യാം https://membership.clubmahindra.com/semin/LP/juniorrisingstars/

## സെവൻഅപ്പ് കാമ്പെയ്നിൽ രശ്മിക മന്ദാനയും അനിരുദ്ധ് രവിചന്ദറും




**കൊച്ചി:** വേനൽക്കാലത്തുടനീളം ഉന്മേഷം പകരുന്ന സെവൻഅപ്പ് , ബ്രാൻഡ് അംബാസഡർമാരായ രശ്മിക മന്ദാന, അനിരുദ്ധ് രവിചന്ദർ എന്നിവരുമായി ചേർന്ന് സ്പൈസി ഭക്ഷണപ്രേമികൾക്കായി പുതിയ കാമ്പെയ്ൻ പുറത്തിറക്കി. കാമ്പെയ്നും ഒപ്പം പുറത്തിറക്കിയ വിഡിയോയും ബ്രാൻഡിന്റെ ഇന്ത്യയിലുടനീളം നടന്നുകൊണ്ടിരിക്കുന്ന സൂപ്പർ ഡ്യൂപ്പർ റിഫ്രഷർ സ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.സെവൻഅപ്പിനായി ഒരുമിച്ച് അഭിനയിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്ന് രശ്മിക മന്ദാനയും അനിരുദ്ധ് രവിചന്ദറും പറഞ്ഞു.



# ആലങ്ങാടൻ ശർക്കരയുടെ പൈതൃകം വീണ്ടെടുക്കാൻ കൃഷി വിജ്ഞാന കേന്ദ്രം

**കൊച്ചി:** പെരിയാർ നദീതടത്തിലെ കരിമ്പ് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും ആലങ്ങാടൻ ശർക്കരയുടെ പൈതൃകം വീണ്ടെടുക്കുന്നതിനുമായി ആലങ്ങാട് ശർക്കര ഉൽപ്പാദന യൂണിറ്റ് വരുന്നു. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) കീഴിൽ പ്രവർത്തിക്കുന്ന എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെവികെ) സാങ്കേതിക പിന്തുണയിലാണ് പദ്ധതി.

ശർക്കര നിർമ്മാണ യൂണിറ്റിൽ നടത്തിയ പരീക്ഷണ ഉൽപാദനം വിജയകരമായി.പ്രദേശത്ത് കെവികെ ആരംഭിച്ച പ്രദർശനാടിസ്ഥാനത്തിലുള്ള കരിമ്പ് കൃഷിയുടെ തുടർച്ചയായാണിത്. ബെംഗളൂരുവിലെ അഗ്രികൾച്ചറൽ ടെക്നോളജി ആപ്ലിക്കേഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (അഠഅഞക) ധനസഹായത്തോടെ വാങ്ങിയ ഉപകരണങ്ങളുപയോഗിച്ച് ആലങ്ങാട് കോഓപ്പറേറ്റീവ് ബാങ്കിന്റെ കെട്ടിടത്തിൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ സംരംഭം.കോയമ്പത്തൂരിലെ ഐസിഎആർഷുഗർകെയ്ൻ ബ്രീഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ഉയർന്ന വിളവ് നൽകുന്നതും രോഗ പ്രതിരോധശേഷിയുള്ളതുമായ ഇഛ 86032 എന്ന കരിമ്പ് ഇനമാണ് കെവികെ കൃഷിയിറക്കിയത്.ഈ പ്രദർശനത്തിന്റെ പ്രാഥമിക ലക്ഷ്യം രാസമാലിന്യങ്ങൾ കലരാത്തതും ഉയർന്ന ഗുണമേന്മയുള്ളതുമായ ശർക്കര ഉൽപ്പാദിപ്പിക്കുകയാണ്. ഭാവിയിൽ ജിഐ ടാഗ് ലഭിക്കുന്ന വിധത്തിൽ ആലങ്ങാടൻ ശർക്കര ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിക്കലും ലക്ഷ്യമാണ്. നിലവിൽ 11ലേറെ കർഷർ കെവികെയുമായി സഹകരിച്ച് ഇവിടെ കരിമ്പ് കൃഷി ചെയ്യുന്നുണ്ട്.ശർക്കര യൂണിറ്റിന് സാങ്കേതിക പിന്തുണ നൽകുന്നത് ലഖ്നൗവിലെ ഐസിഎആർകേന്ദ്ര കരിമ്പ് ഗവേഷണ സ്ഥാപനമാണ്. പ്രദേശവാസികളെ കരിമ്പ് കൃഷിയിലേക്ക് ആകർഷിച്ച് ആലങ്ങാടിന്റെ ശർക്കര ഉൽപാദന പൈതൃകം പുനസ്ഥാപിക്കുകയാണ് കെവികെ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.കൂടാതെ, പാനീയം, ദ്രവരൂപത്തിലുള്ള ശർക്കര, ബാഷ്പീകരിച്ച ശർക്കര തുടങ്ങി കരിമ്പിൽ നിന്നുള്ള മറ്റ് മൂല്യവർധിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ട്. പരമ്പരാഗതവും തദ്ദേശീയവുമായ അറിവുകൾ സംയോജിപ്പിച്ച് നൂതനാശയങ്ങൾ ഈ മേഖലയിൽ അവതരിപ്പിക്കാമെന്നാണ് കെവികെ കരുതുന്നത്. ഈ സംരംഭം കർഷക സമൂഹത്തിന്റെ സുസ്ഥിര വികസനത്തിനും ക്ഷേമത്തിനും ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷ.കരിമ്പിന് കേരളത്തിൽ, പ്രത്യേകിച്ച് പെരിയാർ നദീതടത്തിൽ ആഴത്തിൽ വേരൂന്നിയ ചരിത്രപരമായ പ്രാധാന്യമുണ്ട്. ധാതുസമ്പുഷ്ടവും ആന്റിഓക്സിഡന്റും ഉള്ളതിനാൽ നിരവധി ആരോഗ്യ ഗുണങ്ങൾ ശർക്കരക്കുണ്ട്.

## എം.എസ്.സി ആഡിയോളജി, എം.എസ്.സി സ്പീച്ച് ലാംഗ്വേജ് പത്തോളജി എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാം

സ്വാശ്രയ കോളേജുകളായ കാസർകോഡ് മാർത്തോമ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, കോഴിക്കോട് അണഒ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് എന്നീ സ്ഥാപനങ്ങൾ  നടത്തുന്ന, 202324 വർഷത്തെ മാസ്റ്റർ ഓഫ് സയൻസ് ഇൻ ഓഡിയോളജി, മാസ്റ്റർ ഓഫ് സയൻസ് ഇൻ സ്പീച്ച് ലാംഗ്വേജ് പത്തോളജി, എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് സർക്കാർ ഉത്തരവു മുഖേന അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ഈ കോഴ്സുകൾ മെഡിക്കൽ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ചതും കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമാകുന്നു.  എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnr-e.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി 2024 ഫെബ്രുവരി 22 മുതൽ മാർച്ച് 15 തീയതി വരെ അപേക്ഷിക്കാവുന്നതാണ്. 2024 മാർച്ച് 15ാം തീയതി വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻ ഫോറം ഉപയോഗിച്ചോ അല്ലെങ്കിൽ ഓൺലൈൻ മുഖേനയോ അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. അംഗീകരിക്കപ്പെട്ട ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ കീഴിൽ വരുന്നതും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യയും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അല്ലെങ്കിൽ തത്തുല്ല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിലുള്ള ഒരു സ്ഥാപനത്തിൽ നിന്നും ബി.എ.എസ്സ്.എൽ.പി കോഴ്സ് അല്ലെങ്കിൽ ബി.എസ്.സി സ്പീച്ച് ആൻഡ് ഹിയറിംഗ് കോഴ്സ് 55% ത്തിൽ കുറയാതെ മാർക്കോടെ പാസ്സായവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാവുന്നതാണ്. ഇവർ ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ്. സംവരണവിഭാഗത്തിലുള്ളവർക്ക് 5% മാർക്കിളവ് ഉണ്ടായിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## ജില്ലാതല പട്ടയമേളകൾ ഇന്ന്; സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂരിൽ മുഖ്യമന്ത്രി നിർവഹിക്കും

**തൃശൂർ:** ഭൂരഹിതരില്ലാത്ത നവകേരളം എന്ന ലക്ഷ്യം മുൻനിർത്തി റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്ന ജില്ലാ തല പട്ടയമേളയുടെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം 3 ന് തൃശൂർ തേക്കിൻകാട് വിദ്യാർഥി കോർണറിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. യോഗത്തിൽ റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ.രാധാകൃഷ്ണൻ, ആർ.ബിന്ദു, മേയർ വർഗീസ്, എംപിമാർ, എം.എൽ.എ മാർ , മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

ഉദ്ഘാടനത്തോടനുബന്ധിച്ച് മറ്റു 13 ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിലെ ഗുണഭോക്താക്കൾക്ക് പട്ടയങ്ങൾ വിതരണം ചെയ്യും.

ഇന്ന് നടക്കുന്ന പട്ടയമേളകളിലൂടെ 31,499 കുടുംബങ്ങൾ ഭൂമിയുടെ ഉടമകളാകും.തിരുവനന്തപുരത്ത് ആര്യനാട് വി.കെ ആഡിറ്റോറിയം, കൊല്ലം ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാൾ, ആലപ്പും എസ്.ഡി.വി സെന്റിനറി ഹാൾ, കോട്ടയം കെ.പി.എസ് മേനോൻ ഹാൾ, ഇടുക്കി പഞ്ചായത്ത് ടൗൺഹാൾ, മലപ്പുറം മുൻസിപ്പൽ ടൗൺ ഹാൾ, വയനാട് സേക്രഡ് ഹാർട്ട് ചർച്ച് ജൂബിലി ഹാൾ കൽപ്പറ്റ, കണ്ണൂർ ഗവ. വൊക്കേഷണൽ എച്ച്.എസ്.എസ്, കാസർഗോഡ് മുൻസിപ്പൽ ടൗൺ ഹാൾ എന്നിവിടങ്ങളിലാണ് ജില്ലാതല പട്ടയമേളകൾ നടക്കുന്നത്.

